**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 406** **01-11-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡാനന്തര തൊഴിൽ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡാനന്തര ആഗോള തൊഴിൽ മാറ്റങ്ങളും സാധ്യതകളും കേരളത്തിലെ വിദഗ്ധ മേഖലയിലെ തൊഴിൽ അന്വേഷകരിലെത്തിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കോവിഡാനന്തര ആഗോള തൊഴിൽ മാറ്റങ്ങളും സാധ്യതകളും കേരളത്തിലെ വിദഗ്ധ മേഖലയിലെ തൊഴിൽ അന്വേഷകരിൽ എത്തിക്കാൻ ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ വൊക്കേഷണൽ ഗൈഡൻസ് വിഭാഗം, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ മുഖേന സെമിനാറുകളും തൊഴിൽ മേളകളും സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ, തൊഴിൽ അന്വേഷകർക്ക് വിദേശ തൊഴിൽ സാധ്യത നേടുന്നതിന് അതത് രാജ്യങ്ങളിലെ ഭാഷ അറിയേണ്ടതുണ്ട്. 'ഒഡെപെക്' മുഖേന ഭാഷാ നൈപുണ്യ പരിശീലന സെന്ററുകൾ ആരംഭിക്കുകയും, IELTS, OET, DHA, Prometric, MOH പരിശീലനങ്ങൾ നൽകി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലായി പ്രവർത്തിക്കുന്ന 104 ഗവ.ഐടിഐകളിൽ വിവിധ ട്രേഡുകളിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് അവരവരുടെ മേഖലകളിൽ മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഒരു Placement Officer-ടെ മേൽനോട്ടത്തിൽ Placement Cell പ്രവർത്തിക്കുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ പ്ലേസ്മെന്റ് ഓഫീസർമാർ ഓൺലൈൻ മുഖാന്തിരം വിവിധ തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് ഐ.ടി.ഐ കോഴ്സ് വിജയിക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വിവിധ കമ്പനികളുടെ Corporate Social |

| | | | |
|---|---|---|---|
| | | | Responsibility (CSR) പ്രോജക്ടുമായി ബന്ധപ്പെട്ട് Career Guidance ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് ലഭ്യമാക്കുന്നുണ്ട്. കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ടു വരുന്ന പ്രവാസികളെ കൂടി പരിഗണിച്ച് 10 ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തൊഴിൽ മേഖലയുടെ ഭാവി, തൊഴിൽ കുടിയേറ്റം, പുതിയ വിപണികൾ, നവ നൈപുണ്യ വികസനം എന്നിവ സംബന്ധിച്ച് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ഉണ്ട്. തൊഴിൽ മേഖലയിൽ പുതിയ വിപണികൾ കണ്ടെത്തുന്നതിന് നവ നൈപുണ്യ വികസന പരിശീലനങ്ങൾ വകുപ്പിലെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവ മുഖേന അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾക്ക് നൽകിവരുന്നുണ്ട്. ഒഡെപെക് മുഖാന്തിരം IELTS, OET തുടങ്ങിയ പരിശീലന പരിപാടികൾ, കൂടാതെ കൊറിയ, ബെൽജിയം, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള ഭാഷാ നൈപുണ്യ വികസന പരിശീലനവും നൽകി വരുന്നുണ്ട്. കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മേഖല എന്ന നിലയിൽ ബെൽജിയത്തിലേക്ക് വയോജന പരിപാലനം നൽകുന്നതിനും പരിശീലനം നൽകി വരുന്നു. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന തിനായി വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ 73 ൽ പരം ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനായി SUCCESS (SYSTEMATIC UP SKILLING FOR COMPETENCY CUM EMPLOYABILITY SKILL STRENGTHENING) എന്ന പേരിൽ ഒരു പ്രോജക്ട് പരിഗണനയിലുണ്ട്. നവ നൈപുണ്യ വികസനം സംബന്ധിച്ച് പുതിയ ഐടിഐകൾ ആരംഭിക്കുമ്പോൾ ആയതിലെ ട്രേഡുകളെ സംബന്ധിച്ച് DGT പുതിയ മാർഗ്ഗനിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 'ന്യൂ ഏജ്' കോഴ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | തൊഴിൽ തേടി മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് പരമാവധി സൗകര്യങ്ങൾ ഒരുക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും സർക്കാർ തലത്തിൽ സഹായങ്ങൾ ലഭ്യമാക്കുമോ? | (സി) | ഒഡെപെക് വഴി വിദേശത്ത് പോകുന്ന തൊഴിൽ അന്വേഷകർക്ക് തീർത്തും സുതാര്യവും ഉത്തരവാദിത്വത്തോടു കൂടിയും വിദേശത്ത് തൊഴിൽ ചെയ്യാൻ അവസരം ഒരുക്കിക്കൊടുക്കുകയും വിദേശ തൊഴിലുടമയെ കുറിച്ചുള്ള പൂർണ്ണ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് മനസിലാക്കി കൊടുക്കുകയും വിദേശ രാജ്യത്തേയ്ക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി വയ്ക്കുവാനും, വിദേശ തൊഴിലുടമ അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഏജൻസിയ്ക്ക് രേഖകൾ കൈമാറേണ്ടി വന്നാൽ ഓരോന്നിനും ശരിയായ രസീതുകൾ ശേഖരിക്കുവാനും, വിദേശ തൊഴിലുടമ അല്ലെങ്കിൽ റിക്രൂട്ട്മെന്റ് ഏജൻസി മുഖേന ലഭിക്കുന്ന രേഖകളുടെ |

| | | | |
|---|---|---|---|
| | | | വിശ്വാസ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br>വിദേശത്തേക്ക് പുറപ്പെടുന്നതിനു മുൻപ്<br>നിയമപരമായ രേഖകളും വിസയും ഉറപ്പുവരുത്തുന്നു.<br>തൊഴിൽകരാർ ശരിയായി വായിച്ചു<br>മനസിലാക്കിയതിനു ശേഷം മാത്രം ഒപ്പിടിപ്പിക്കുന്നു.<br>കൂടാതെ അതിന്റെ ഒരു പകർപ്പ് ഉദ്യോഗാർത്ഥിയ്ക്ക്<br>കൈവശം നൽകുന്നു. ഉദ്യോഗാർത്ഥി-യുടെ<br>വിസയിലും തൊഴിൽ കരാറിലും<br>രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ തൊഴിൽ<br>തന്നെയെന്ന് ഉറപ്പു വരുത്തിക്കുന്നു.<br>ECRരാജ്യങ്ങളിലേക്ക് പോകുന്ന ECR പാസ്പോർട്ട്<br>കൈവശമുള്ളവർക്കും നഴ്സുമാർക്കും ഇമിഗ്രേഷൻ<br>ക്ലിയറൻസ് ആവശ്യമാണ്. യാത്രയ്ക്കു മുൻപ്<br>ഇമിഗ്രേഷൻ ക്ലിയറൻസ് ഉറപ്പു വരുത്തുന്നതുമൂലം<br>ഓരോ വ്യക്തിയുടെയും വിവരങ്ങൾ ഓൺലൈനായി<br>രജിസ്റ്റർ ചെയ്യപ്പെടുന്നു. കൂടാതെ<br>തൊഴിലുടമയുടെയും റിക്രൂട്ട്മെന്റ്<br>ഏജൻസികളുടെയും വിവരങ്ങൾ പരിശോധിച്ചു<br>ഉറപ്പിക്കാനും കഴിയുന്നു. ഇതുകൂടാതെ ഇൻഷ്വറൻസ്<br>പരിരക്ഷയും ഉറപ്പു വരുത്തുന്നു. വേതനപ്രശ്നങ്ങൾ,<br>ആരോഗ്യ പ്രശ്നങ്ങൾ, തൃപ്തികരമല്ലാത്ത ജീവിത<br>സാഹചര്യങ്ങൾ എന്നിവയ്ക്ക് ഏജൻസിയുടെയും<br>സർക്കാരിന്റെയും പിന്തുണ ഉറപ്പു വരുത്താനും<br>സാധിക്കും. കൂടാതെ വിദേശ തൊഴിലുടമയെയും<br>റിക്രൂട്ട്മെന്റ് ഏജൻസിയേയും ബന്ധപ്പെടുന്നതിനുള്ള<br>ഫോൺ നമ്പറുകളും ഉദ്യോഗാർത്ഥിയ്ക്ക് നൽകുന്നു.<br>വിദേശതൊഴിലിനായി പോകുന്ന<br>രാജ്യത്തെക്കുറിച്ചുള്ള വിവരങ്ങളും അവിടുത്തെ<br>തൊഴിൽ നിയമങ്ങളും അവകാശങ്ങളും<br>മനസിലാക്കിപ്പിക്കുകയും, ആ രാജ്യത്തിന്റെ<br>സംസ്കാരം, ആചാരങ്ങൾ എന്നിവ മനസ്സിലാക്കി<br>കൊടുക്കുകയും അവയെ ആദരിക്കാൻ<br>തയ്യാറെടുക്കുന്നതിനുള്ള ബോധവത്കരണം<br>ഒഡെപെക് നൽകുന്നു. അവിടത്തെ നിയമങ്ങളെയും<br>ചട്ടങ്ങളെയും അനുസരിക്കാനും അവിടത്തെ<br>അടിസ്ഥാന ഭാഷ പഠിക്കാൻ ശ്രമിക്കുവാനും<br>അവിടത്തെ ട്രാഫിക് നിയമങ്ങൾ പഠിക്കാനും<br>പാലിക്കാനും ശ്രദ്ധിക്കുവാനുള്ള ഉപദേശവും,<br>വിദേശത്ത് എത്തിയാലുടൻ ഇന്ത്യൻ<br>എംബസ്സിയുമായോ കോൺസുലേറ്റുമായോ<br>ബന്ധപ്പെട്ട് ഉദ്യോഗാർത്ഥിയുടെ രജിസ്ട്രേഷൻ<br>ഉറപ്പുവരുത്തുവാനുമുള്ള സഹായങ്ങൾ ഒഡെപെക്<br>ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ